**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **07-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടി ക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനും സ്വീകരിക്കേണ്ടുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ? | (എ) | സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കുന്നതും വാങ്ങുന്നതും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമം (RFCTLARR ACT 2013) ലെ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ടാണ്. പ്രസ്തുത ആക്ടിന്റെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>സ്വകാര്യ വ്യക്തികളിലിൽ നിന്നും LARR Act, 2013 പ്രകാരം ഭൂമി ഡയറക്ട് പർച്ചേസ് നടത്താൻ വ്യവസ്ഥയില്ലാത്തതിനാൽ രജിസ്ട്രേഷൻ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം. | RFCTLARR ACT 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ | സമയപരിധി |
|---|---|---|
| 1 | അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന ലഭ്യമാക്കൽ | – |
| 2 | സാമൂഹിക ആഘാതപഠനം നടത്തുന്നതിന് SIA യൂണിറ്റിനെ നിയോഗിക്കൽ | പരമാവധി 6 മാസം |
| 3 | സാമൂഹിക ആഘാതപഠനം റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ ആയതിന്മേൽ വിദഗ്ധ സമിതിയുടെ അംഗീകാരത്തിനായി വിദഗ്ധ സമിതി രൂപീകരിയ്ക്കൽ | – |
| 4 | ഭൂമി ഏറ്റെടുക്കൽ നടപടിയിൽ വിദഗ്ധ സമിതിയുടെ അംഗീകാരം | വിദഗ്ധ സമിതി രൂപീകരിച്ച് 2 മാസത്തിനുള്ളിൽ |
| 5 | ഭൂമി ഏറ്റെടുക്കൽ നടപടിയിൽ സമുചിത സർക്കാർ തീരുമാനവും, പ്രസിദ്ധപ്പെടുത്തലും. | – |
| 6 | പ്രാരംഭ വിജ്ഞാപനം (11(1) വിജ്ഞാപനം) | വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ച് ഒരു വർഷത്തിനുള്ളിൽ |
| 7 | ഭൂമി സർവ്വെ ചെയ്യുന്ന നടപടി | – |
| 8 | അപേക്ഷകളിലും, പരാതികളിലും ഹിയറിംഗ് നടത്തി റിപ്പോർട്ട് ലാൻഡ് അക്വിസിഷൻ ആഫീസർ മുഖേന സമുചിത സർക്കാരിന് സമർപ്പിക്കൽ | – |
| 9 | പ്രാരംഭ വിജ്ഞാപനത്തിനെതിരായുള്ള പരാതികളിൽ സമുചിത സർക്കാർ തീരുമാനം | – |
| 10 | പുനരധിവാസ പുനഃസ്ഥാപന പാക്കേജിന്റെ സ്കീം തയ്യാറാക്കൽ | – |
| 11 | പുനരധിവാസ പുനഃസ്ഥാപന സ്കീം പ്രസിദ്ധീകരിയ്ക്കൽ | – |
| 12 | പുനരധിവാസ പുനഃസ്ഥാപന സ്കീമിന്മേൽ പൊതുവാദം കേൾക്കൽ | – |
| 13 | പുനരധിവാസ പുനഃസ്ഥാപന സ്കീം അഡ്മിനിസ്ട്രേറ്റർ മുഖേന ജില്ലാ കളക്ടർക്ക് സമർപ്പിക്കൽ | – |
| 14 | പുനരധിവാസ പുനഃസ്ഥാപന സ്കീമിന്മേൽ ജില്ലാ കളക്ടറുടെ അവലോകനം | – |
| 15 | പുനരധിവാസ പുനഃസ്ഥാപന സ്കീം കരട് ജില്ലാ കളക്ടർ മുഖേന ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കൽ | അഡ്മിനിസ്ട്രേറ്ററുടെ റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനുള്ളിൽ |
| 16 | പുനരധിവാസ പുനഃസ്ഥാപന സ്കീം ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിയ്ക്കൽ | – |
| 17 | പുനരധിവാസ പുനഃസ്ഥാപന സ്കീം പ്രസിദ്ധീകരിയ്ക്കൽ | – |
| 18 | സർവ്വ സ്കെച്ച് തയ്യാറാക്കലും അംഗീകാരത്തിനായി ജില്ലാ സർവ്വെ സൂപ്രണ്ടിന് സമർപ്പിക്കലും | – |

| | | |
|---|---|---|
| 19 | 19(1) വിജ്ഞാപനം പ്രസിദ്ധീകരിയ്ക്കൽ | പ്രാരംഭ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി 12 മാസത്തിനുള്ളിൽ |
| 20 | അടിസ്ഥാന വിലവിവര റിപ്പോർട്ട് തയ്യാറാക്കലും അംഗീകരിക്കലും | – |
| 21 | വിശദമായ വിലനിർണ്ണയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കലും അംഗീകരിക്കലും. | – |
| 22 | വസ്തു നഷ്ടപ്പെടുന്നവർക്ക് നോട്ടീസ് നൽകി ആക്ഷേപം കേൾക്കുകയും അന്വേഷണ വിചാരണയും | – |
| 23 | അവാർഡ് തുക അംഗീകരിയ്ക്കൽ | 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് 12 മാസത്തിനുള്ളിൽ |